# Deepika

## 27 August 2018

## Kochi; After Flood, Flood Recuse operations



# ജില്ലയിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഊർജിതം

**▶ ഇന്നലെ വിതരണം ചെയ്തത് 1,36,000 ഭക്ഷണപ്പൊതികൾ**

**കൊച്ചി:** പ്രളയഭീഷണി ഒഴിഞ്ഞെങ്കിലും ജില്ലയിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഊർജിതമായി തുടരുന്നു. വ്യോമ-നാവിക സേനകളുടെ അഞ്ചു ഹെലികോപ്ടറുകൾ ഇന്നലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

വ്യോമസേന-100 അംഗങ്ങൾ, നാവികസേന-110 അംഗങ്ങൾ, സിഐഎസ്എഫ് - 76, ഐആർബി-10, ആആർഎഫ്-20, കെഎപി1 - 75, കെഎപി5 - 61, വനിത ബറ്റാലിയൻ - 120 എന്നിങ്ങനെയായിരുന്നു ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ജില്ലയിൽ ഇന്നലെ അധികമായി വിന്യസിച്ച വിവിധ സേനാ അംഗങ്ങളുടെ എണ്ണം.

പറവൂർ മേഖല കേന്ദ്രീകരിച്ചാണ് ഇന്നലെ കൂടുതൽ രക്ഷാ പ്രവർത്തനങ്ങൾ നടന്നത്. നാവികസേനയുടെ 47 യൂണിറ്റുകൾ രക്ഷാപ്രവർത്തനത്തിന് ജില്ലയിലുണ്ട്. ഇതിൽ 21 ടീമുകൾ പറവൂർ മേഖല കേന്ദ്രീകരിച്ച് പ്രവർത്തിച്ചു. ജില്ലയിലെ ഫർമസികൾ 24 മണിക്കൂറും പ്രവർത്തിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ അമ്പതിലധികം ആംബുലൻസുകളും സർവീസ് നടത്തി. പറവൂർ താലൂക്ക് ആശുപത്രി കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്.

വെള്ളമിറങ്ങി തുടങ്ങിയതോടെ പറവൂർ താലൂക്ക് ആശുപത്രിയിലെ ഐപി വിഭാഗം അഡ്മിഷൻ അടക്കം എല്ലാ പ്രവർത്തനങ്ങളും പുനരാരംഭിച്ചു. വെള്ളപ്പൊക്കം തുടങ്ങിയതോടെ ഒപി വിഭാഗം മാത്രമായിരുന്നു ഇവിടെ പ്രവർത്തിച്ചിരുന്നത്. 15 ഡോക്ടർമാർ ഉൾപ്പെടുന്ന മെഡിക്കൽ സംഘം പറവൂർ താലൂക്ക് ആശുപത്രിയിലുണ്ട്.

10 മെഡിക്കൽ ടീമുകൾ പറവൂർ മേഖലയിലെ വിവിധ ദുരിത ബാധിത പ്രദേശങ്ങളിൽ എത്തി. നാവികസേനയുടെ കൂടെയും മെഡിക്കൽ സംഘം ദുരിത ബാധിത മേഖലയിലെത്തി. മരുന്നുകളുടെ ആയിരം പൊതികൾ കഴിഞ്ഞ ദിവസം പറവൂർ മേഖലയിൽ എയർ ഡ്രോപ്പ് ചെയ്തിരുന്നു. ഇന്നലെ എറണാകുളം ജനറൽ ആശുപത്രിയിൽനിന്ന് അവശ്യ മരുന്നുകളടങ്ങിയ 1200 മെഡിക്കൽ കിറ്റുകളാണ് ജില്ലയിലെ ദുരിത ബാധിത പ്രദേശങ്ങളിലും ചാലക്കുടിയിലും എയർ ഡ്രോപ്പ് ചെയ്തത്.

പറവൂരിലെ രക്ഷാപ്രവർത്തനം കൂടുതൽ സുഗമമാക്കാൻ ഫോർട്ടുകൊച്ചി ആർഡിഒ എസ്. ഷാജഹാന്റെ നേതൃത്വത്തിൽ പറവൂർ താലൂക്ക് ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തനം തുടങ്ങി. പറവൂരിൽ ഇന്ധന വിതരണം പുനരാരംഭിച്ചു. ഐഒസിയുടെയും ബിപിസിഎല്ലിന്റെയും പറവൂരിലെ മൂന്നു പെട്രോൾ പമ്പുകൾ പ്രവർത്തിച്ചുതുടങ്ങി.

ജില്ലയിലെ എൽപിജി, ഇന്ധന വിതരണം രണ്ടു ദിവസത്തിനകം പൂർണമായും സാധാരണ നിലയിലാക്കാനാണ് ശ്രമിക്കുന്നത്. ക്യാമ്പുകളിൽ പൊതുമേഖലാ എണ്ണ കമ്പനികൾ സൗജന്യമായി എൽപിജി വിതരണം ചെയ്യുമെന്ന് അധികൃതർ അറിയിച്ചു.

ജില്ലയിലെ ദുരിതബാധിത മേഖലയിൽ ഇന്നലെ 1,36,000 ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു. ഇതിൽ 82,000 ഭക്ഷണപ്പൊതികൾ പറവൂർ മേഖലയിലാണ് വിതരണം ചെയ്തത്.